# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജുകൾ- അറ്റൻഡർമാരുടെ സ്ഥലം മാറ്റം/സ്ഥാനക്കയറ്റം അനുവദിച്ച ഉത്തരവ് ഭേദഗതിവരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നം. സി 4/6937/2018/കോ.വി.വ. തീയതി: 08/09/2020

പരാമർശം:-1. ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ 08.09.2016 ലെ സി 4/20099/2016 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാ പട്ടിക.

2. 04.09.2020 തീയതിയിലെ സി 4/6937/2018 നമ്പർ സ്ഥലം മാറ്റം/സ്ഥാനക്കയറ്റ ഉത്തരവ്

## ഉത്തരവ്

പരാമർശം (2) പ്രകാരം, അറ്റൻഡർമാരുടെ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലമാറ്റം നൽകിയും സ്ഥലം മാറ്റത്തിനുശേഷം ശേഷിക്കുന്ന ഒഴിവിൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ മുൻഗണനാ പട്ടികയിലെ മുൻഗണനാ ക്രമം പ്രകാരം സ്ഥാനക്കയറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിൽ സ്ഥാനക്കയറ്റം നൽകിയ ഓഫീസ് അറ്റൻഡുമാരിൽ ക്രമ നമ്പർ 13 ആയ ശ്രീ.നവീൻ ശേഖർ നിലവിൽ ജോലിചെയ്യുന്ന സ്ഥാപനം ഗവൺമെന്റ് കോളേജ്, മഞ്ചേശ്വരം എന്നതിനു പകരം ഗവൺമെന്റ് കോളേജ് ഹോസ്റ്റൽ കാസർഗോഡ് എന്നു തെറ്റായി രേഖപ്പെടുത്തിയിരുന്നു. കൂടാതെ ക്രമ നമ്പർ 12 ആയ ശ്രീ. രമേശൻ.എ യുടെ നിലിവിൽ ജോലചെയ്യുന്ന സ്ഥാപനം ഗവൺമെന്റ് കോളേജ് ഹോസ്റ്റൽ കാസർഗോഡ് എന്നുള്ളത് ഗവൺമെന്റ് കോളേജ് മഞ്ചേശ്വരം എന്നും തെറ്റായിത്തി രേഖപ്പെടുത്തിയിരുന്നു. കൂടാതെ പ്രസ്തുത ഉത്തരവിൽ ക്രമ നമ്പർ 18 ആയി രേഖപ്പെടുത്തിയിട്ടുള്ള തൃപ്പൂണിത്തുറ സർക്കാർ കോളേജിലെ ശ്രീ. ഇസ്മായിൽ. വി.ബി യെ അറ്റൻഡറായി സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്ഥാപനം ഗവൺമെന്റ് കോളേജ് ചിറ്റൂർ എന്നത് തെറ്റായി ഗവൺമെന്റ് വിക്ടോറിയ കോളേജും, ക്രമ നമ്പർ 21 ആയി രേഖപ്പെടുത്തിയിട്ടുള്ള ശ്രീ. നിതീഷ് സത്യൻ.കെ യെ അറ്റൻഡറായി സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്ഥാപനവും ഗവൺമെന്റ് കോളേജ് ചിറ്റൂർ എന്നത് തെറ്റായി ഗവൺമെന്റ് കോളേജ് പത്തിരിപ്പാല എന്ന് രേഖപ്പെടുത്തിയിരുന്നു. കൂടാതെ ക്രമ നമ്പർ 4 ആയി അറ്റൻഡർ സ്ഥാനക്കയറ്റം നൽകി ഗവൺമെന്റ് കോളേജ് ആറ്റിങ്ങലിൽ നിയമിച്ച സ്വീപ്പർ ശ്രീമതി. സജിന.എ യുടെ പേര് തെറ്റായി ശ്രീമതി. സജിത.എ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം അറ്റൻഡർ സ്ഥാനക്കയറ്റം നൽകിയ ഉത്തരവിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു .

അറ്റൻഡർമാരെ സ്ഥാനക്കയറ്റം നൽകിയ ഉത്തരവിലെ ക്രമ നമ്പർ 4 രേഖപ്പെടുത്തിയ ജീവനക്കാരിയുടെ പേര് ശ്രീമതി. സജീന.എ എന്നാക്കിയും ക്രമ നമ്പർ (13) ആയ ശ്രീ. നവീൻ ശേഖർ, ഓഫീസ് അറ്റൻഡന്റിന്റെ നിലവിൽ ജോലിചെയ്യുന്ന സ്ഥാപനം ഗവൺമെന്റ് കോളേജ് മഞ്ചേശ്വരം എന്നും ക്രമ നമ്പർ (14) ആയ ശ്രീ. രമേശൻ. എ യുടെ നിലവിൽ ജോലിചെയ്യുന്ന സ്ഥാപനം ഗവൺമെന്റ് കോളേജ് ഹോസ്റ്റൽ, കാസർഗോഡായും

അറ്റൻഡർമാരുടെ സ്ഥാനക്കയറ്റം നൽകിയ ഉത്തരവിലെ ക്രമ നമ്പർ 18 ആയ തൃപ്പൂണിത്തുറ, ഗവൺമെന്റ് കോളേജിലെ സാനിറ്റേഷൻ വർക്കർ ശ്രീ. ഇസ്മായിൽ.വി.ബി. യെ അറ്റൻഡറായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം പാലക്കാട് വിക്ടോറിയ കോളേജ് എന്നത് ഗവൺമെന്റ് കോളേജ്, ചിറ്റൂർ എന്നാക്കിയും ക്രമ നമ്പർ 21 ആയി സ്ഥാനക്കയറ്റം നൽകി രേഖപ്പെടുത്തിയിട്ടുള്ള കോട്ടയം, ഗവൺമെന്റ് കോളേജിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.നിതീഷ് സത്യൻ. കെ യെ അറ്റൻഡറായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം ഗവൺമെന്റ് കോളേജ് പത്തിരിപ്പാല എന്നത് ഗവൺമെന്റ് കോളേജ്, ചിറ്റൂർ എന്നാക്കിയും ഭേദഗതി വരുത്തി ഉത്തരവാകുന്നു. പരാമർശം (2) പ്രകാരമുള്ള സ്ഥലം മാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

ഒപ്പ്/-
ഷൂജ. ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
//അംഗീകാരത്തോടെ//
സൂപ്രണ്ട്

എസ്. യു. 08/09/2020